**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 113** **10-06-2024 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികളുടെയും മറ്റ് സാമൂഹ്യമായി പിന്നാക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികൾ പഠിക്കുന്ന കയ്പമംഗലം നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ലഹരി വർജിത പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ആസൂത്രണ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്വരക്ഷ പോലുള്ള ക്ലബ്ബുകൾക്ക് പോലീസിന്റെയും എക്സൈസിന്റെയും പിന്തുണ ഉറപ്പാക്കുമോ; വിദ്യാലയങ്ങളിൽ ഈ ക്ലബ്ബുകളിൽ നിന്നും ചാർജ് ഓഫീസർമാരെ നിശ്ചയിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്; | (എ) | സ്വരക്ഷ പോലുള്ള ക്ലബ്ബുകൾക്ക് പോലീസ് എക്സൈസ് വകുപ്പുകളുടെ പിന്തുണ ഉറപ്പാക്കുന്നതാണ്.<br><br>മത്സ്യത്തൊഴിലാളികളുടെയും മറ്റ് സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മയക്കുമരുന്നുൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും തടയുന്നതിനായി സമയബന്ധിതമായി കർമ്മ പരിപാടികൾ അസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. കൈപ്പമംഗലം മണ്ഡലത്തിലെ എല്ലാ സ്കൂളുകളും കേന്ദ്രീകരിച്ച് സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപികരിച്ച് ഒരു അദ്ധ്യാപകൻ/ അദ്ധ്യാപികമാർക്ക് ചാർജ്ജ് നൽകി പോലീസിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഊർജിതമായി ലഹരിവർജ്ജിത പ്രവർത്തനങ്ങൾക്കും ലഹരിമാഫിയയെ നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. തീരപ്രദേശത്ത് ലഹരിവിരുദ്ധനടപടികൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി വിൽപ്പനയ്ക്കായി മയക്കുമരുന്ന് കൈവശം വയ്ക്കുന്നവർക്കെതിരെ PITNDPS Act; സെക്ഷൻ 31,34 NDPS Act പ്രകാരം കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>തീരദേശ മേഖലകളിൽ യുവജനങ്ങൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും പ്രത്യേക പരിഗണന നല്കി ബോധവൽക്കരണ പരിപാടികളും കലാകായിക പരിപാടികളും കയ്പമംഗലം ഉൾപ്പെടെയുള്ള തീരദേശ മേഖലകളിൽ നടത്തുന്നുണ്ട്.<br><br>1) തീരദേശമേഖലകളിലെ സ്കൂളുകളിൽ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി |

| | | | |
|---|---|---|---|
| | | | സ്കൂളുകളെ പങ്കെടുപ്പിച്ച് വിവിധ മത്സര പരിപാടികൾ നടത്തിവരുന്നുണ്ട്.<br><br>2)എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികൾക്കായി ലഹരി വിരുദ്ധ പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളുടെ ഇടയിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ഹെൽപ്പ് ലൈൻ നമ്പരുകളുടെ പ്രചരണം നടത്തിവരുകയും ചെയ്തു വരുന്നുണ്ട്.<br><br>3)തീരദേശ മേഖലകളിലെ വിദ്യാർത്ഥികൾക്കായി 'തീരം' എന്ന പേരിൽ ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്ന 10ലൈഫ് സ്കിൽ പരിശീലനങ്ങൾ കൈപ്പമംഗലം, കൊടുങ്ങല്ലൂർ, തളിക്കുളം എന്നീ തീരദേശ മേഖലകളിൽ നടത്തിവരുന്നു.<br><br>4)തീരദേശ മേഖലകളിലെ പഞ്ചായത്ത് കമ്മ്യൂണിറ്റി കൗൺസിലർമാർക്ക് ലഹരി വിരുദ്ധ കേസുകൾ കൈകാര്യം ചെയ്യുന്നതിനെക്കുറിച്ചുള്ള സൈക്കോതെറാപ്പിയും 'ലഹരി നിയമങ്ങളും ശിക്ഷയും' എന്ന വിഷയത്തിൽ അവർക്ക് പ്രത്യേക ക്ലാസ്സുകളും നല്കിയിട്ടുണ്ട്. |
| (ബി) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ സാധ്യമായ എല്ലാ വിദ്യാലയങ്ങളിലും സ്റ്റുഡന്റ് കേഡറ്റ് പോലീസ് യൂണിറ്റുകൾ തുടങ്ങുന്നതിന് പോലീസ് വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; | (ബി) | പുതിയ എസ്.പി.സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിക്കുന്ന ഘട്ടത്തിൽ ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |
| (സി) | നിലവിൽ ലഹരി വർജിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ പോലീസ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്? | (സി) | കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ തീരപ്രദേശത്ത് ലഹരിവിരുദ്ധ നടപടികൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി കൊടുങ്ങല്ലൂർ സബ്ഡിവിഷനിൽ പ്രത്യേകാന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളതും കൈപ്പമംഗലം സ്റ്റേഷനിൽ സബ്ബ് ഇൻസ്പെക്ടർ ഉൾപ്പെടെ രണ്ട് ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ചുകൊണ്ട് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിച്ച് ശക്തമായ നടപടികൾ സ്വികരിച്ചിട്ടുണ്ട്. ഈ പ്രത്യേക സംഘം ആൾപ്പാർപ്പില്ലാത്ത വീടുകളിലും പ്രാന്തപ്രദേശങ്ങളിലും പ്രത്യേക നിരീക്ഷണം നടത്തുകയും രഹസ്യ വിവരങ്ങൾ ശേഖരിച്ച് വരികയും ചെയ്യുന്നുണ്ട്. കൈപ്പമംഗലം സ്റ്റേഷൻ പരിധിയിലെ വിദ്യാഭ്യാസ സ്ഥപനങ്ങളുടെ പരിസരത്ത് പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ജനമൈത്രി പോലീസിങ്ങിന്റെ ഭാഗമായി ബീറ്റ് പോകുന്ന പോലീസ് ഉദ്യോഗസ്ഥർ ശേഖരിക്കുന്ന രഹസ്യ വിവരങ്ങൾ പ്രകാരം സ്ക്കൂൾ പരിസരങ്ങളിലും വ്യാപാരസ്ഥാപനങ്ങളിലും മറ്റു പരിസരങ്ങളിലുമുള്ള ലഹരി മരുന്നുകളുടെ |

| | | | |
|---|---|---|---|
| | | | ഉപയോഗവും വിതരണവും തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മയക്കുമരുന്ന് ഉൽപ്പന്നങ്ങളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി കടലോര ജാഗ്രതാസമിതിയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും മറ്റും സംഘടിപ്പിച്ചു വരുന്നുണ്ട്. ആഘോഷ വേളകളിൽ മയക്കുമരുന്ന് ഉൽപ്പന്നങ്ങളുടെ വിപണനം തടയുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്ന് റെയ്ഡുകളും മറ്റും സംഘടിപ്പിക്കുകയും കർശന വാഹന പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഡോഗ് സ്ക്വാഡിന്റെ സഹായത്തോടുകൂടി ജനങ്ങൾ കൂട്ടം ചേരുന്ന സ്ഥലങ്ങളിലും ഓട്ടോസ്റ്റാന്റിലും മറ്റും കർശന പരിശോധനകൾ നടത്തി വരുന്നുണ്ട്. അഴിക്കോട് തീരപ്രദേശ പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ കൈപ്പമംഗലം സ്റ്റേഷൻ പരിധി ഉൾപ്പെടെയുള്ള തീരദേശത്ത് കടലോര ജാഗ്രതാസമിതിയുമായി സഹകരിച്ച് ലഹരിക്കെതിരെ നിരവധി ബോധവൽക്കരണ ക്ലാസ്സുകളും നല്കി വരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ ജില്ലാ District Anti-Narcotic Special Action Force (DANSAF) ടീമിന്റെ നേതൃത്വത്തിൽ രഹസ്യ നിരീക്ഷണങ്ങളും പരിശോധനയും നടത്തി ലഹരി മരുന്ന് വിൽപ്പന നടത്തുന്നവരേയും ലഹരിമരുന്ന് ഉപയോഗിക്കുന്നവരേയും പിടികൂടി കർശ്ശനമായ നിയമ നടപടികൾ സ്വികരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ